## മത്സ്യവിത്ത് നിക്ഷേപിക്കൽ

- അതിജീവന നിരക്ക് ഉയർത്തുന്നതിനായി ആദ്യഘട്ടത്തിൽ മത്സ്യക്കുഞ്ഞുങ്ങളെ നഴ്സറി കുളം/ കേജ്/ ഹാപ്പ/ പെൻ എന്നിവയിൽ പരിപാലിയ്ക്കണം
- സെന്റിന് 30 എണ്ണം എന്ന തോതിൽ 4-5 സെ.മീ വലിപ്പമുളള മത്സ്യവിത്ത് നിക്ഷേപിക്കാം
- മത്സ്യവിത്ത് നിക്ഷേപിക്കുമ്പോൾ കുളത്തിലെ ജലവുമായി സാവധാനം പൊരുത്തപ്പെടുത്തേണ്ടതാണ്
- മൺസൂൺ കാലയളവിൽ കാർപ്പ് മത്സ്യവിത്ത് കൂടുതലായി ലഭ്യമാകും

## മത്സ്യതീറ്റയും തീറ്റക്രമവും

- ജലോപരിതലത്തിൽ പൊങ്ങിക്കിടക്കുന്ന തീറ്റ ഉത്തമം
- 25% മുതൽ 30% വരെ പ്രോട്ടീൻ അടങ്ങിയതായിരിക്കണം
- രാവിലെയും വൈകുന്നേരവുമായി രണ്ടു നേരം തീറ്റ നൽകാം
- ആരംഭത്തിൽ ശരീരഭാരത്തിന്റെ 5% തീറ്റ നൽകേണ്ടതും ക്രമാനുഗതമായി കുറച്ച് 8 മാസ കാലയളവിലെ വളർച്ചയ്ക്ക് ശേഷം 1% ത്തിലെത്തിയ്ക്കേണ്ടതാണ്.

## പരിപാലനം

- പ്രതിമാസം ഹെക്ടറിന് 1000 കി.ഗ്രാം വീതം ചാണകം ചേർക്കണം
- ഒരു മാസ ഇടവേളയിൽ ജലഗുണ നിലവാരം, മത്സ്യത്തിന്റെ വളർച്ച, ആരോഗ്യസ്ഥിതി എന്നിവ പരിശോധിച്ച് ദൈനംദിന തീറ്റയുടെ അളവ് ക്രമീകരിക്കണം
- ജലത്തിന്റെ അമ്ല-ക്ഷാരനിലയ്ക്ക് അനുസരിച്ച് ആവശ്യാനുസരണം കുമ്മായം ചേർക്കണം



## വിളവെടുപ്പും വിപണനവും


- 8-൧൦ മാസം മുതൽ വിളവെടുപ്പ് ആരംഭിക്കാം
- ഭാഗിക വിളവെടുപ്പ് അഭികാമ്യം
- 8-10 മാസ കാലയളവിൽ ഹെക്ടറിന് 6 മെട്രിക് ടൺ മത്സ്യോല്പാദനം സാധ്യമാകും
- വിളവെടുപ്പിന് രണ്ട് ദിവസം മുമ്പേ തീറ്റ നൽകുന്നത് നിർത്താവുന്നതാണ്
- വിളവെടുപ്പിന് മുമ്പ് വിപണി ഉറപ്പു വരുത്തണം

## സാമ്പത്തിക വിശകലനം(ഹെക്ടറിന്)

- 3 ലക്ഷം രൂപ മൂലധന ചെലവ്, 3.6 ലക്ഷം രൂപ പ്രവർത്തന ചെലവ്
- ഒരു വിളയിൽ നിന്നും 6 ലക്ഷം രൂപ വിറ്റ് വരവ്

| | |
|---|---|
| A. മൂലധന ചെലവ്<br>ബണ്ട് ബലപ്പെടുത്തൽ, ജൈവസുരക്ഷ, പമ്പ്, എയറേഷൻ, മോട്ടോർ, ക്യാമറ, മുതലായവ | 3,00,000 |
| B. പ്രവർത്തന ചെലവ്<br>വളം, മത്സ്യകുഞ്ഞ്, മത്സ്യതീറ്റ, വൈദ്യുതി ചാർജ്ജ്, മറ്റ് ചെലവുകൾ | 3,60,000 |
| ആകെ (A+ B) | 6,60,000 |

"മത്സ്യകൃഷി
ആദായത്തിന്
ആഹാരത്തിന്
ആനന്ദത്തിന്"



പ്രസിദ്ധീകരിക്കുന്നത്
ഫിഷറീസ് ഡയറക്ടർ
ഫിഷറീസ് ഡയറക്ടറേറ്റ്
വികാസ് ഭവൻ
തിരുവനന്തപുരം - 33

# കാർപ്പ് മത്സ്യകൃഷി



കേരള സർക്കാർ
മത്സ്യബന്ധന വകുപ്പ്

# കാർപ്പ് മത്സ്യകൃഷി

**ആമുഖം**

- ഇന്ത്യയുടെ മത്സ്യകൃഷി ഉല്പാദനത്തിൽ 85 ശതമാനവും കാർപ്പ് മത്സ്യങ്ങളാണ്
- ജലാശയത്തിലെ വിവിധ തട്ടുകളിലെ ആഹാര ജീവികളേയും ജൈവ പദാർത്ഥങ്ങളേയും പരമാവധി പ്രയോജനപ്പെടുത്തിയും അതോടൊപ്പം കൃത്രിമ തീറ്റയും നൽകി പരസ്പരം ചേർച്ചയുള്ള ഒന്നിലധികം മത്സ്യങ്ങളെ വളർത്തുന്ന കൃഷി രീതിയാണിത്

**അനുയോജ്യമായ ഇനങ്ങൾ:**

(i) കട്‌ല

- ജലാശയത്തിന്റെ ഉപരിതലത്തിലെ ജന്തു പ്ലവകങ്ങളാണ് മുഖ്യാഹാരം
- 8-10 മാസം കൊണ്ട് ശരാശരി 1100 ഗ്രാം തൂക്കം കൈവരിയ്ക്കുന്നു



(ii) രോഹു

- ജലാശയത്തിലെ ഇടത്തട്ടിൽ നിന്നുള്ള ജലസസ്യങ്ങളും ചീഞ്ഞ ജൈവ പദാർത്ഥങ്ങളുമാണ് മുഖ്യാഹാരം
- 8-10 മാസം കൊണ്ട് ശരാശരി 1000 ഗ്രാം തൂക്കം കൈവരിയ്ക്കുന്നു



(iii) മൃഗാൾ

- ജലാശയത്തിന്റെ അടിത്തട്ടിലെ സർവ്വാഹാരി
- 8-10 മാസം കൊണ്ട് ശരാശരി 900 ഗ്രാം തൂക്കം കൈവരിയ്ക്കുന്നു



(iv) കോമൺ കാർപ്പ്

- ജലാശയത്തിന്റെ അടിത്തട്ടിലെ സർവ്വാഹാരി
- 8-10 മാസം കൊണ്ട് ശരാശരി 900 ഗ്രാം തൂക്കം കൈവരിയ്ക്കുന്നു
- കുളത്തിൽ സ്വയം പ്രജനനം നടത്തുന്നു



(v) ഗ്രാസ് കാർപ്പ്

- തികച്ചും സസ്യഭോജി
- ജലസസ്യങ്ങളെ തിന്നുവാനുള്ള കഴിവുള്ളതു കൊണ്ട് കള നശീകരണത്തിനായി ഈ മത്സ്യം ഉപയോഗിക്കുന്നു
- സസ്യങ്ങൾ ചവച്ചരയ്ക്കുന്നതിന് ഉതകുന്ന അരം പോലെയുള്ള പ്രത്യേക തരം പല്ലുകൾ ഇവയുടെ പ്രത്യേകതയാണ്
- 8-10 മാസം കൊണ്ട് 1100 ഗ്രാം തൂക്കം കൈവരിയ്ക്കുന്നു



**കുളത്തിന്റെ അനുയോജ്യത**

- കുറഞ്ഞത് 10 സെന്റ് വിസ്തീർണ്ണം അഭികാമ്യം
- ജലത്തിന്റെ ആഴം 1-2 മീറ്റർ ആയിരിക്കണം
- ദീർഘ ചതുരാകൃതിയുള്ള കുളം ഉത്തമം

**ജലഗുണ നിലവാരം**

- അമ്ല-ക്ഷാരനില : 6.5 - 8.5
- പ്രാണവായു : > 5 ppm
- ഊഷ്മാവ് : 20 - 32°C
- സുതാര്യത : 25 - 40 cm
- ലവണാംശം : < 5 ppt
- ആൽക്കലിനിറ്റി : 80 - 150 ppm

**കുളമൊരുക്കൽ**

- ജലസസ്യങ്ങളെ നീക്കം ചെയ്ത് കുളം വറ്റിച്ച് ഉണക്കുന്നത് ഉത്തമം
- കളജീവികളെ നശിപ്പിച്ച്, അണു വിമുക്തമാക്കുന്നതിനായി ഒരു ഹെക്ടർ ജലാശയത്തിൽ ഓരോ 10 സെന്റീമീറ്റർ ജലവിതാനത്തിന് 30 കിലോഗ്രാം വീതം ബ്ലീച്ചിംഗ് പൗഡർ പ്രയോഗിക്കണം
- അമ്ല-ക്ഷാരഗുണ നിലവാരം ക്രമീകരിക്കുന്നതിനായി കുമ്മായം ചേർക്കണം

| കുമ്മായത്തിന്റെ ഉപയോഗക്രമം | |
|---|---|
| pH | അളവ് / ഹെക്ടർ |
| 4.0 – 4.5 | 1000 കി.ഗ്രാം/ ഹെക്ടർ |
| 4.5 – 5.5 | 750 കി.ഗ്രാം/ ഹെക്ടർ |
| 5.5 – 6.5 | 500 കി.ഗ്രാം/ ഹെക്ടർ |
| 6.5 – 7.5 | 250 കി.ഗ്രാം/ ഹെക്ടർ |

- കുളത്തിലെ പ്ലവകങ്ങളുടെ വളർച്ചാ നിരക്ക് ത്വരിതപ്പെടുത്തുന്നതിനായി ഹെക്ടറിന് 2000 കി.ഗ്രാം വീതം ചാണകം ചേർക്കണം

